# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1942 | 16.02.2016-ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ സുരക്ഷ പദ്ധതി

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | അക്രമികളെയും, സാമൂഹ്യവിരുദ്ധരെയും, ഗുണ്ടകളെയും പൂർണ്ണമായി അമർച്ച ചെയ്ത് ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാ നിയമം അനുസരിച്ച് നടപടികൾ സ്വീകരിക്കുക, കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട ശേഷം നിയമ നടപടികളിൽ നിന്നും ഒഴിഞ്ഞുമാറി നടക്കുന്ന വ്യക്തികളെ അറസ്റ്റ് ചെയ്യാൻ വേണ്ട കർശന നടപടികൾ സ്വീകരിക്കുക, മാഫിയകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകയും, ഇവരെ സഹായിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഇവയിലൂടെ ജനങ്ങളുടെ മനസ്സിൽ സുരക്ഷിതത്വബോധം വളർത്തുകയുമാണ് 'ഓപ്പറേഷൻ സുരക്ഷ' പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) | അക്രമികളെയും ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും പൂർണ്ണമായി അമർച്ച ചെയ്ത് ജനങ്ങളുടെ സ്വൈര ജീവിതം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷാ പദ്ധതിയ്ക്ക് 24.02.2015-ൽ തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി ലോക്കൽ പോലീസും, ഇന്റലിജൻസ് വിഭാഗവും ഏകോപിപ്പിച്ച് സ്ഥിരം കുറ്റവാളികൾക്കെതിരെ ഗുണ്ടാനിയമവും മുമ്പ് അക്രമസംഭവങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഉൾപ്പെട്ടിട്ടുള്ള മുഴുവൻ വ്യക്തികളുടേയും ഇപ്പോഴത്തെ പ്രവർത്തനം നിരീക്ഷിച്ച് സമാധാന ജീവിതത്തിന് ഭീഷണിയാകുന്ന അത്തരക്കാരെ ഗുണ്ടാനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതോടൊപ്പം 107 സി.ആർ.പി.സി ഉൾപ്പെടെയുള്ള സെക്യൂരിറ്റി നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ പിടികിട്ടാപ്പുള്ളികളെ അറസ്റ്റ് ചെയ്യുവാനുള്ള സത്വര നടപടികൾ സ്വീകരിച്ച് സാമൂഹ്യവിരുദ്ധ ഭീഷണി അമർച്ച ചെയ്യുന്നതിനും ഓപ്പറേഷൻ സുരക്ഷാ പദ്ധതി കൊണ്ടുദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ